LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 28-8-2014-ലെ 8198/2014/അഡ്മിൻ ഉത്തരവ് പ്രകാരം വൈസ് ചാൻസലറുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പുവരുത്തുന്നതിനു വേണ്ടി താഴെപ്പറയുന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

1. സന്ദർശകർക്ക് ഭരണകാര്യാവയത്തിലേക്കുള്ള പ്രവേശന സമയം നിയന്ത്രിച്ചിട്ടുണ്ട്. പാസ്സുള്ളവരെ മാത്രമേ ഭരണ കാര്യാലയത്തിലേക്ക് പ്രവേശിപ്പിക്കുകയുള്ളൂ. കാണേണ്ട ഓഫീസറെ കണ്ടതിനുശേഷം പാസ്സ് തിരിച്ചേൽപ്പിക്കേണ്ടതാണ്.

2. സന്ദർശകനെയും സന്ദർശകന്റെ ആഗമനോദ്ദേശവും മനസ്സിലാക്കിയതിനുശേഷമേ വൈസ്ചാൻസലറുടെ ബ്ലോക്കിലേക്ക് പ്രവേശിപ്പിക്കുകയുള്ളൂ.

3. വൈസ്ചാൻസലറുടെ ചേമ്പറിലേക്ക് സന്ദർശക വൃന്ദങ്ങളേയും സ്ത്രീ സന്ദർശകരേയും കഴിയുന്നതും നിയന്ത്രിക്കേണ്ടതാണ്.

4. പരിദേവനങ്ങളുമായി വരുന്ന വിദ്യാർത്ഥികളെയും മഹിതാക്കളെയും രജിസ്ട്രാറേയോ, പ്രോ-വൈസ് ചാൻസലറേയോ, പരീക്ഷാ കൺട്രോളറേയോ കാണാൻ നിർദ്ദേശിക്കുകയും അപൂർവ്വം സന്ദർഭങ്ങളിൽ മാത്രമേ വൈസ് ചാൻസലറെ കാണാൻ അനുവദിക്കേണ്ടതുള്ളൂ.

5. വൈസ്ചാൻസലറുടെ ഇടപെടൽ ആവശ്യമാവുന്ന കേസ്സുകളിൽ വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി പ്രസ്തുത കേസ്സുകൾ കേൾക്കുകയും ബന്ധപ്പെട്ട പേപ്പറുകൾ വൈസ്ചാൻസലറുടെ തീർപ്പിനായി സമർപ്പിക്കേണ്ടതാണ്.

(ബി) ഇല്ല. വൈസ്ചാൻസലറുടെ ചേമ്പറിലേക്ക് സ്ത്രീ സന്ദർശകരുടെ പ്രവേശനം നിയന്ത്രിച്ചുകൊണ്ടാണ് ഉത്തരവ് ഇറക്കിയിട്ടുള്ളത്. ഈ ഉത്തരവിന്റെ റിക്കാർഡ് ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

(സി) ഇല്ല.

(ഡി&ഇ) കാലിക്കറ്റ് സർവ്വകലാശാലയിൽ വൈസ്ചാൻസലറുടെ ചേമ്പറിലേക്ക് സന്ദർശക വൃന്ദങ്ങളുടെയും സ്ത്രീ സന്ദർശകരുടെയും വിദ്യാർത്ഥികളുടെയും പ്രവേശനം വിലക്കിയിട്ടില്ല. മറിച്ച് നിയന്ത്രിക്കുന്നതിനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്.

സെന്റർ ഫോർ എഞ്ചിനീയറിംഗ് റിസർച്ച് ആന്റ് ഡെവലപ്പ്മെന്റിന്റെ പ്രവർത്തനം

137 (7106) ശ്രീ. ജോൺസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോളേജ് ഓഫ് എഞ്ചിനീയറിംഗ് തിരുവനന്തപുരം (സി.ഇ.ടി.) കാമ്പസിൽ പ്രവർത്തിക്കുന്ന സെന്റർ ഫോർ എഞ്ചിനീയറിംഗ് റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ് (സി.ഇ.ആർ.ഡി.) ന്റെ പ്രവർത്തനലക്ഷ്യം വ്യക്തമാക്കാമോ ; പ്രസ്തുത പ്രോജക്ട് എന്നാണ് തിരുവനന്തപുരത്ത് ആരംഭിച്ചത് ;

(ബി) പ്രസ്തുത പ്രോജക്ടിന്റെ പ്രവർത്തനത്തിനുള്ള ധനസഹായം എവിടെനിന്നാണ് ലഭിക്കുന്നത് ;

(സി) 31-3-2014 വരെ എത്ര രൂപ ധനസഹായമായി ലഭിച്ചു ; എത്ര തുക വിനിയോഗിച്ചു ;

(ഡി) പ്രസ്തുത സമാപനത്തിൽ എത്ര ജീവനക്കാരുണ്ട് ; ഇതിൽ സ്ഥിരം ജീവനക്കാർ എത്ര ; കരാർ ജീവനക്കാരുണ്ടെങ്കിൽ എത്ര ; അവരുടെ നിയമനരീതി എന്നിവ വ്യക്തമാക്കാമോ ;

(ഇ) സ്ഥിരം ജീവനക്കാർ ഏതെല്ലാം തസ്തികകളിൽ ജോലി ചെയ്തു വരുന്നു ;

(എഫ്) പ്രോജക്ട് ആരംഭം മുതലുള്ള സ്ഥിരം ജീവനക്കാരുടെ വിവരവും തസ്തികയും ലഭ്യമാക്കാമോ ; സ്ഥിരം ജീവനക്കാരുണ്ടെങ്കിൽ അവരെ നിയമിക്കുവാൻ സർക്കാർ ഉത്തരവുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) സെന്റർ ഫോർ എഞ്ചിനീയറിംഗ് റിസർച്ച് ആന്റ് ഡെവലപ്മെന്റ് (സി.ഇ.ആർ.ഡി) 2009 ഡിസംബർ 16-നാണ് പ്രവർത്തനം ആരംഭിച്ചത്. സി.ഇ.ആർ.ഡി-യുടെ പ്രവർത്തന വിക്ഷ്യങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) സി.ഇ.ആർ.ഡി യുടെ പ്രവർത്തനത്തിനുള്ള ധനസഹായം കേരള സർക്കാരിൽ നിന്നാണ് ലഭിയ്ക്കുന്നത്.

(സി) 31-3-2014 വരെ 6,47,00,000 രൂപ ധന സഹായമായി ലഭിച്ചു. അതിൽ 6,04,80,993 രൂപ വിനിയോഗിച്ചു.

(ഡി) ഉത്തരം അനുബന്ധം II ആയി ചേർക്കുന്നു.*

(ഇ&എഫ്) സ്ഥിരം ജീവനക്കാർ ആരും തന്നെ ഇല്ല.

സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിലെ വിദഗ്ധസേവനക്കാർ

138 (7107) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൊഫഷണൽ കോഴ്സ് പഠിച്ചുകൊണ്ടിരിക്കുന്ന കാലയളവിൽ സർക്കാർ സ്ഥാപനങ്ങളിൽ ദിവസവേതനം പറ്റിക്കൊണ്ട് ജോലി ചെയ്യുവാൻ അനുവദിക്കാറുണ്ടോ ; ഉണ്ടെങ്കിൽ ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly